## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5 — 02.03.2020 ൽ മറുപടിക്ക്

## സെൻസസ് പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സെൻസസ് പ്രവർത്തനങ്ങൾ ഇതിനകം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് ആരംഭിക്കുമെന്ന് അറിയിക്കുമോ; | (എ) | ആരംഭിച്ചിട്ടുണ്ട്. സെൻസസ് വിവരശേഖരണം സംസ്ഥാനത്ത് രണ്ട് ഘട്ടമായിട്ടാണ് നടത്തുന്നത്. ആദ്യഘട്ട സെൻസസ് നടപടികളുടെ ഭാഗമായി Houselisting & Housing Census സംസ്ഥാനത്ത് 2020 മെയ് 1 മുതൽ 30 വരെ കാലയളവിൽ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | സെൻസസ് വിവരങ്ങൾ എൻ.പി.ആർ.നും എൻ.ആർ.സി.ക്കും ഉപയോഗപ്പെടുത്തുമെന്ന ആശങ്ക പൊതുസമൂഹത്തിനുള്ള കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) | ഇത്തരത്തിലുള്ള പ്രചരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജനസംഖ്യാ കണക്കെടുപ്പും (സെൻസസ്)-2021 ദേശീയ ജനസംഖ്യാ പട്ടിക (എൻ.പി.ആർ.) പുതുക്കലും രണ്ട് നിയമത്തിന് കീഴിലുള്ള രണ്ട് പ്രത്യേക പ്രക്രിയകളാണ്. ഇവയ്ക്ക് വെവ്വേറ ചോദ്യാവലികളുമാണ്. എൻ.പി.ആർ സംബന്ധിച്ച നടപടികൾ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നടത്തുന്നില്ല. ജനസംഖ്യാ കണക്കെടുപ്പ് പ്രവർത്തനങ്ങൾ സുഗമമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ട ജനസംഖ്യാ കണക്കെടുപ്പ് പ്രവർത്തനങ്ങളുടെ ചോദ്യാവലികൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള ആശയകുഴപ്പം സൃഷ്ടിക്കാതിരിക്കുവാൻ എല്ലാ വിഭാഗം ജനങ്ങളും ശ്രദ്ധചെലുത്തേണ്ടതാണ്. |
| (സി) | അദ്ധ്യാപകരെ എന്യൂമറേറ്റർ ജോലിക്ക് വിട്ടുകൊടുത്തതോടെ തൽക്കാലത്തേക്കെങ്കിലും അവർ കേന്ദ്രസർക്കാർ നിയന്ത്രണത്തിലാകുമെന്നും ഈ കാലയളവിൽ സംസ്ഥാന സർക്കാരിന് അവരുടെ മേൽ നിയന്ത്രണമേർപ്പെടുത്താനാവില്ലെന്നുമുള്ള റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; | (സി) | രാജ്യത്ത് ജനസംഖ്യാ കണക്കെടുപ്പ് നടത്തുന്നത് സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോട് കൂടിയാണ്. എന്യൂമറേറ്റർ ജോലി ഉൾപ്പെടെയുള്ള സെൻസസ് പ്രവർത്തനങ്ങൾക്ക് സംസ്ഥാന സർക്കാരിനു കീഴിലുള്ള ഏത് ജീവനക്കാരെ നിയോഗിച്ചാലും അവർ സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽ തന്നെയാകും. |
| (ഡി) | ഈ സാഹചര്യത്തിൽ പൗരത്വ നിയമ ഭേദഗതി കേന്ദ്ര സർക്കാർ പിൻവലിക്കുന്നതുവരെ സംസ്ഥാനത്ത് സെൻസസ് പ്രവർത്തനങ്ങൾ | (ഡി) | ജനസംഖ്യാ കണക്കെടുപ്പ് 10 വർഷത്തിലൊരിക്കൽ നടക്കുന്ന രാജ്യത്തിന്റെ വികസന പ്രവർത്തനങ്ങളിൽ ഏറ്റവും സുപ്രധാന വിവര ശേഖരണമാണ്. 1881 മുതൽ ഓരോ 10 |

| | | | |
|---|---|---|---|
| | നിർത്തിവയ്ക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ? | | വർഷവും മുടക്കമില്ലാതെ നടത്തിവരുന്ന ഈ പ്രക്രിയയിലൂടെ ലഭിക്കുന്ന വിവരങ്ങൾ രാജ്യത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിനായുള്ള ആസൂത്രണത്തിനും, നയ രൂപീകരണത്തിനും കാര്യക്ഷമമായ പൊതുഭരണത്തിനും അത്യന്താപേക്ഷിതമാണ്. ദേശീയ അന്തർദേശീയ ഏജൻസികളും ഗവേഷകരും, ബിസിനസ്സുകാരും, ശാസ്ത്രജ്ഞരും, വ്യവസായികളും മറ്റുമടങ്ങുന്ന വിദഗ്ദ സമൂഹവും ഈ വിവരങ്ങൾ ആധാരമാക്കിയാണ് തങ്ങളുടെ പ്രവർത്തന മേഖലകളിൽ കാര്യക്ഷമമായി ഇടപ്പെടുന്നത്. വിവിധ നിയമനിർമ്മാണ സഭകളിലേക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുമുള്ള മണ്ഡലങ്ങൾ നിർണ്ണയിക്കുന്നതും അതിലേക്കുള്ള സംവരണം അടക്കമുള്ള കാര്യങ്ങൾ തീരുമാനിക്കുന്നതും ജനസംഖ്യാ കണക്കെടുപ്പ് വഴി ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. സംസ്ഥാനങ്ങളുടെയും രാജ്യത്തിന്റെയും സാമ്പത്തികവും രാഷ്ട്രീയവും സാമൂഹികവുമായ മുന്നോട്ടുള്ള പ്രയാണത്തിന് ജനസംഖ്യാ കണക്കെടുപ്പ് വഴി ലഭിക്കുന്ന വിവരങ്ങൾ ഏറ്റവും പ്രധാനപ്പെട്ട ഒരു സൂചികയാണ്. ആയതിനാൽ ജനസംഖ്യാ കണക്കെടുപ്പ് സുഗമമായി നടപ്പിലാക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടത് ഏതൊരു സർക്കാരിന്റെയും പൊതു സമൂഹത്തിന്റെയും പൗരന്റേയും കടമയാണ്. രാജ്യത്താകമാനം ഒരേ സമയം നടത്തുന്ന സെൻസസ് നടപടി ക്രമങ്ങൾ സംസ്ഥാനത്തിനായി മാറ്റിവയ്ക്കാൻ ആവശ്യപ്പെടുന്നത് പ്രായോഗികമാകില്ല. എന്നാൽ ദേശീയ ജനസംഖ്യാ രജിസ്റ്ററിലേക്ക് ശേഖരിക്കുന്ന വിവരങ്ങൾ ദേശീയ പൗരത്വ രജിസ്റ്റർ തയ്യാറാക്കുന്നതിന് വേണ്ടിയായത് കൊണ്ട് പൗരത്വ നിയമ ഭേദഗതി നിയമത്തെ തുടർന്നുള്ള ജനങ്ങളുടെ ആശങ്കയും ഇത് നടപ്പാക്കിയ സംസ്ഥാനത്തെ അനുഭവവും പരിഗണിച്ച് എൻ.പി.ആർ നടപടികൾ ഏറ്റെടുത്ത് നടപ്പാക്കുകയോ സഹകരിക്കുകയോ വേണ്ടെന്ന് തീരുമാനമെടുത്തിട്ടുണ്ട്. ഒന്നാംഘട്ട സെൻസസ് പ്രവർത്തനങ്ങളുടെ ചോദ്യാവലിയിൽ എൻ.പി.ആർ.നായി ഉപയോഗിക്കാനുള്ള വിവാദ ചോദ്യങ്ങൾ ഉൾപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ